# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5516 06.07.2012 ൽ മറുപടിയ്ക്ക്

## എഞ്ചിനീയർമാരെ വകുപ്പുമാറ്റി നിയമിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) 2010-നുശേഷം ജലവിഭവ വകുപ്പിൽ നിന്ന് എഞ്ചിനീയർമാരെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എത്രപേരെ എന്ന് അറിയിക്കുമോ ; | എ) സർക്കാർ ഉത്തരവ് (എം.എസ്) നം. 227/12/ധന തീയതി 18.04.2012 പ്രകാരം ജലസേചന വകുപ്പിലെ താഴെപ്പറയുന്ന സാങ്കേതിക വിഭാഗം തസ്തികകൾ സൂപ്പർന്യൂമററിയായി മാറ്റിയിട്ടുണ്ട്.<br><br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - 20<br>അസിസ്റ്റന്റ് എഞ്ചിനീയർ - 81<br>ഫസ്റ്റ് ഗ്രേഡ് ഓവർസിയർ - 50<br>സെക്കന്റ് ഗ്രേഡ് ഓവർസിയർ - 26<br>തേർഡ് ഗ്രേഡ് ഓവർസിയർ - 185<br>------<br>**ആകെ** - 362<br>------<br><br>ടി ഉത്തരവനുസരിച്ച് ഈ 362 തസ്തികകൾ ജലസേചന വകുപ്പിൽ ഇല്ലാതാകുകയും തദ്ദേശ സ്വയംഭരണ വകുപ്പിൽ സൃഷ്ടിക്കപ്പെടുകയും ചെയ്യും, |
| ബി) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് മുൻപ് ബന്ധപ്പെട്ട രണ്ടു വകുപ്പുകളിലേയും മന്ത്രിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തമ്മിൽ കൂടിയാലോചന നടത്തിയിരുന്നുവോ ; എങ്കിൽ അതിന്റെ വിശദാംശം അറിയിയ്ക്കുമോ ; | ബി) 14.10.2011 തീയതിയിൽ ബഹുമാന്യരായ ജലവിഭവ വകുപ്പ് മന്ത്രിയുടെയും പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെയും ജലസേചന, തദ്ദേശസ്വയംഭരണ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം ചേരുകയുണ്ടായി. ജലസേചന വകുപ്പിൽ സ്റ്റാഫിന്റെ അപര്യാപ്തത മൂലം സാങ്കേതിക വിഭാഗം ജീവനക്കാരെ മാറ്റി നൽകാൻ കഴിയുകയില്ലെന്നും സ്റ്റാഫ് സ്ട്രെങ്ത് തിട്ടപ്പെടുത്തുവാൻ ജലസേചന വകുപ്പിലെ ചീഫ് എഞ്ചിനീയർമാരുടെ മറ്റൊരു |

→ 2

യോഗം വിളിച്ചു ചേർക്കുവാനും തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് തസ്തികകൾ മാറ്റുന്നതിന്റെ സാദ്ധ്യത ടി യോഗത്തിൽ തീരുമാനിക്കുന്നതിനും 14.10.2011-ലെ യോഗത്തിൽ ധാരണയായിരുന്നു.

| | |
|---|---|
| സി) 2011-ൽ എഞ്ചിനീയർമാരെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് മാറ്റുന്നത് സംബന്ധിച്ച് പഠനങ്ങളോ നിർദ്ദേശങ്ങളോ നടത്തിയിരുന്നുവോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ; | സി) പഠനം നടത്തിയിട്ടില്ല. |
| ഡി) 2011-ൽ എഞ്ചിനീയർമാരെ മാറ്റി മറ്റൊരു വകുപ്പിന് നൽകിയത് ജലവിഭവ വകുപ്പിന്റെ താല്പര്യം സംരക്ഷിക്കാതെയാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ? | ഡി) ഇല്ല. 2011-ൽ എഞ്ചിനീയർമാരെ മാറ്റി മറ്റൊരു വകുപ്പിന് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ